RECEIVED 04/12/21..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 335*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ ***7750/എസ്.ഐ.സി-ജി 6/21***)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.മണികണ്ഠൻ പിള്ള സുശീല,**
**പുതുവൽ വീട്, തോമസ് സ്റ്റീഫൻ കമ്പനിയ്ക്ക് സമീപം, തെക്കേവിള ചേരി, പുത്തൻനട പി.ഒ., മുണ്ടയ്ക്കൽ വില്ലേജ്, കൊല്ലം.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& സൂപ്രണ്ട്, ഇരവിപുരം സോണൽ ഓഫീസ്, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.** }

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | - |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.07.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.07.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. മണികണ്ഠൻ പിള്ള സുശീല, 18.07.2021ന് സമർപ്പിച്ച പരാതി ഹർജി 20.07.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു കയും ആയത് **CP.No.335(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2) പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എസ്.പി.ഐ.ഒ. കമ്മീഷൻ ഉത്തരവ് നടപ്പാക്കിയില്ലെന്നാണ്.

3) എതിർകക്ഷി 01.09.2021ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതി ഹർജിക്കാരൻ 30.06.2017ന് വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടിയാൻ കൊല്ലം തോടിന്റെ കരയിലുള്ള തോമസ് സ്റ്റീഫൻ കമ്പനിയ്ക്ക് സമീപമുള്ള പുറമ്പോക്ക് ഭൂമിയിൽ സ്ഥിരതാമസക്കാരനാണെന്നും ആയതിനാൽ കൊല്ലം കോർപ്പറേഷൻ രജിസ്റ്റർ പ്രകാരം ടി വസ്തുവിൽ താമസിക്കുന്നവരുടെ പേര്, വീട്ടു നമ്പർ, രജിസ്റ്റർ ചെയ്ത വർഷം എന്നിവ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അപേക്ഷ നൽകിയതെന്നാണ്.

ഇരവിപുരം സോണൽ ഓഫീസിലെ ലഭ്യമായ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം UA നമ്പർ നൽകിയിട്ടുള്ള 4/TR-UA-327A, 10/UA T/2A എന്നീ കെട്ടിടങ്ങൾ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിരുന്നുള്ളുവെന്നും ആയതു പ്രകാരം ടിയാന് 27.07.2017ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

ടി മറുപടി തൃപ്തികരമല്ല എന്നു കാണിച്ച് 07.08.2017ൽ ടിയാൻ അപ്പീൽ അധികാരി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും അപ്പീൽ അധികാരിയുടെ നിർദ്ദേശാനുസരണം സ്ഥലപരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ ടി പുറമ്പോക്ക് സ്ഥലത്ത് വീടുകൾക്ക് പുറമ്പോക്ക് കെട്ടിട നമ്പർ നൽകിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

അപ്പീൽ അധികാരിയുടെ നിർദ്ദേശാനുസരണം 24.10.2017ൽ നേരിൽ കേൾക്കുന്നതിനായി ഹാജരാകണമെന്ന് അറിയിച്ചുകൊണ്ട് 17.10.2017ൽ ഹർജിക്കാരന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരായില്ലെന്നും ആയതിനാൽ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ., ഇരവിപുരം സോണൽ ഓഫീസിൽ നിന്നും നൽകിയ മറുപടി അംഗീകരിച്ച് ഉത്തരവാകുകയും 24.10.2017ൽ ടിയാന് ഉത്തരവ് നൽകിയിട്ടുണ്ടെന്നുമാണ്.

18.06.2018ൽ കമ്മീഷനിൽ നിന്നും ടി അപ്പീലിന്മേലുള്ള റിപ്പോർട്ടാവശ്യപ്പെട്ടുകൊണ്ട് AP No.1967(2)/17/SIC ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം

സംബന്ധിച്ച റിപ്പോർട്ട് 06.07.2018ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നുമാണ്.

പ്രസ്തുത അപേക്ഷ തീർപ്പാക്കുന്നതിന് 12.02.2020 10.30 എ.എം.ന് കൊല്ലം കളക്ടറേറ്റിൽ നേരിട്ട് ഹാജരാകാൻ 31.01.2020ലെ കത്തു മുഖേന അറിയിച്ചതിൻ പ്രകാരം എസ്. പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ഹാജരാകുകയും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധിക്കുന്നതിന് 17.02.2020ന് അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് അറിയിപ്പു നൽകുകയും ഹർജിക്കാർ 17.02.2020ൽ ഇരവിപുരം സോണൽ ഓഫീസിൽ ഹാജരാകുകയും ടി രജിസ്റ്റർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുകയും രേഖാമൂലം എഴുതി നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് സമർപ്പിക്കുന്നുവെന്നുമാണ്.

2020 മെയ് 25-ാം തീയതി ഹർജി നമ്പർ AP No.1967(2)/17/SIC പ്രകാരം അപ്പീൽ ഹർജി തീർപ്പാക്കിയിട്ടുള്ളതും ആയതിൽ ഖണ്ഡിക 6-ൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരിക്കൽ കൂടി നൽകാൻ കമ്മീഷൻ നിർദ്ദേശിച്ചതിൻ പ്രകാരം 27.07.2017ൽ നൽകിയ മറുപടിയുടെ പകർപ്പ് 16.11.2020ൽ വീണ്ടും നൽകിയിട്ടുണ്ടെന്നുമാണ്.

4) 11.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

5) പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് നാളിതുവരെ മറുപടി ലഭ്യമാക്കാതെ കമ്മീഷനെയും ടിയാനെയും അവഹേളിക്കുന്ന തരത്തിലാണ് പെരുമാറുന്നതെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 04.10.2017ൽ കമ്മീഷനിൽ സമർപ്പിച്ച AP No.1967(2)/17/SIC അപ്പീൽ തീർപ്പാക്കുന്നതിനായി 12.02.2020ലെ ഹിയറിംഗിനു ഹാജരാകാൻ അറിയിപ്പ് ലഭിച്ചതു പ്രകാരം എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ഹാജരാകുകയും ഹർജിക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ നേരിട്ട് പരിശോധിക്കുന്നതിന് 17.02.2020ന് അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാർക്ക് അറിയിപ്പ് നൽകുകയും 17.02.2020ൽ ഇരവിപുരം

സോണൽ ഓഫീസിൽ ഹാജരായി ടി രജിസ്റ്റർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുകയും രേഖാമൂലം എഴുതി നൽകിയിട്ടുണ്ടെന്നുമാണ്. തുടർന്ന് 2020 മെയ് 25ന് മേൽപ്പടി അപ്പീൽ ഹർജി തീർപ്പാക്കിയതും ആയതിൽ ഖണ്ഡിക 6ൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരിക്കൽ കൂടി നൽകാൻ കമ്മീഷൻ നിർദ്ദേശിച്ചതു പ്രകാരം ഹർജിക്കാരനു 27.07.2017ൽ നൽകിയ മറുപടിയുടെ പകർപ്പ് 16.11.2020ൽ വീണ്ടും നൽകിയിട്ടുണ്ടെന്നുമാണ്. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ പരാതി ഹർജിക്കാരൻ കൂടുതൽ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വീണ്ടും റിക്കാർഡ് പരിശോധിക്കാനുള്ള അവസരം നൽകാമെന്നുള്ള എതിർകക്ഷിയുടെ ഉറപ്പിന്മേൽ ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)